# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.543 05/06/2018-ലെ മറുപടിയ്ക്ക്

### കേന്ദ്ര ധനകാര്യ കമ്മീഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. എ.എൻ.ഷംസീർ<br>ശ്രീമതി. വീണ ജോർജ്ജ് | | ഡോ.ടി.എം. തോമസ് ഐസക്ക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| ചോദ്യം | | മറുപടി |
| എ | സംസ്ഥാനങ്ങളിൽ നിന്ന് കേന്ദ്ര സർക്കാർ സമാഹരിക്കുന്ന നികുതി ഭരണഘടനാനുസൃതവും ഫെഡറൽ തത്ത്വം പാലിച്ച്കൊണ്ട് നിഷ്പക്ഷമായി വിതരണം ചെയ്യുന്നതിനും ധനസഹായം അനുവദിക്കുന്നതിനു വേണ്ട തത്ത്വങ്ങൾ ശിപാർശ ചെയ്യുന്നന്നതിമുള്ള ധനകാര്യ കമ്മിഷനെ കേന്ദ്രത്തിന്റെ നയങ്ങളും താത്പര്യങ്ങളും നടപ്പാക്കാനുള്ള ഏജൻസിയായി മാറ്റുന്ന രീതിയിൽ ഏകപക്ഷികമായി പരിഗണന വിഷയങ്ങൾ തീരുമാനിച്ചത്തിനെതിരെ സംസ്ഥാനം ഉയർത്തിയ പ്രതിക്ഷേധത്തെ തുടർന്ന് കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ; | സാധ്യമായത്ര സംസ്ഥാനങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്തി പൊതുവായ ആശങ്കകൾ ആദരണീയനായ രാഷ്ട്രപതിയെ നിവേദനത്തിലൂടെ അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടില്ല. |
| ബി | വിഭവ വിതരണത്തിനുള്ള മാനദണ്ഡത്തിൽ വരുത്തിയ മാറ്റം വഴി അർഹതപ്പെട്ട പങ്കിൽ എത്ര കുറവുണ്ടാകാനിടയുണ്ടെന്ന് | വിഭവ കൈമാറ്റത്തിന് 2011 ലെ ജനസംഖ്യ മാനദണ്ഡമാക്കുകയാണെങ്കിൽ ജനസംഖ്യ നിയന്ത്രണത്തിൽ വിജയം കൈവരിച്ച കേരളം |

| | | |
|---|---|---|
| | കണക്കാക്കിയിട്ടുണ്ടോ; | ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. ഇത് പരിഹരിക്കുന്ന വിധത്തിൽ സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വീതം വയ്പ്പിനുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി | ഇതോടൊപ്പം യാന്ത്രികമായും അശാസ്ത്രീയമായും ധനകമ്മി കുറയ്ക്കുവാനുള്ള നിർദ്ദേശം സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ താറുമാറാക്കാതിരിക്കാനായി സ്വികരിക്കുവാൻ സാദ്ധ്യമാകുന്ന നടപടികൾ വിശദമാക്കാമോ; | നിലവിലെ സംസ്ഥാനത്തിന്റെ കടമെടുപ്പ്പരിധി GSDP യുടെ 3 % ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മാറ്റം ശുപാർശ ചെയ്യരുതെന്ന് ധനകാര്യ കമ്മീഷനോട് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി | സംസ്ഥാനം സന്ദർശിച്ച ധനകാര്യ കമ്മിഷന് നല്കിയ നിർദ്ദേശങ്ങളുടെ വിശദാംശം അറിയിക്കാമോ? | ധനകാര്യ കമ്മീഷന് നല്കിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ / ശുപാർശകൾ താഴെ പറയുന്നവയാണ്.<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നല്കുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനം ആയി ഉയർത്തുക.<br>• സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.<br>• ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് |

ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നല്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50% ൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

| മാനദണ്ഡം | വെയിറ്റേജ് |
| --- | --- |
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി - | 30 % |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി)- | 30 % |
| വരുമാന അന്തരം - | 20 % |
| വിസ്തീർണ്ണം- | 10 % |
| വനമേഖല- | 10 % |

- പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണ ഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്
- തീരദ്ദേശപരിപാലനം - 1500 കോടി
- വന സംരക്ഷണം - 1000 കോടി
- മെച്ചപ്പെട്ട തൊഴിൽ ലഭ്യതക്കാവശ്യമായ നൈപുണ്യ വികസനം - 750 കോടി
- റബർ കർഷകർക്ക് ആശ്വാസം - 250 കോടി
- മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി
- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

| | | |
|---|---|---|
| | | • 2011 ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക്ക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും , ബാക്കി 30% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.<br>• ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്ര വിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.<br>• സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3 % നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.<br>• തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശുപാർശ ചെയ്യുക. |

അക്കൗണ്ട്സ് ഓഫീസർ